REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങിന് നിയമസഭ ഇന്ന് ആദരാഞ്ജലിയർപ്പിക്കും.
- വടകര ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് മുതൽ ബേപ്പൂർ തുറമുഖം വരെ ബൃഹത് ടൂറിസം പദ്ധതിയ്ക്ക് കേന്ദ്രം നൂറു കോടി രൂപ അനുവദിച്ചതായി മന്ത്രി PA മുഹമ്മദ് റിയാസ്.
- സംസ്ഥാനത്തെ മ്യൂസിയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ നടപടി സ്വീകരിച്ചു വരികയാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി.
- കുടുംബശ്രീ 11-ാം ദേശീയ സരസ് മേള ഇന്ന് ചെങ്ങന്നൂരിൽ ആരംഭിക്കും.
- പ്രഥമ ഖോ ഖോ ലോകകപ്പിൽ ഇന്ത്യയ്ക്ക് ഇരട്ടകീരീടം. പുരുഷ- വനിതാ ടീമുകളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ISL ഫുട്ബോളിൽ ഗോവ FC യ്ക്ക് ജയം.

## വാർത്തകൾ വിശദമായി

മുൻ പ്രധാനമന്ത്രി മൻമോഹൻസിങിന് നിയമസഭ ഇന്ന് ആദരാഞ്ജലിയർപ്പിക്കും. തുടർന്ന് മറ്റ് നടപടികളിലേക്ക് കടക്കാതെ സഭ പിരിയും.

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേൽ മൂന്ന് ദിവസത്തെ നന്ദിപ്രമേയ ചർച്ച നാളെ നിയമസഭയിൽ ആരംഭിക്കും.

✪✪✪

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങിന് നിയമസഭ ഇന്ന് ആദരാഞ്ജലിയർപ്പിക്കും. തുടർന്ന് മറ്റ് നടപടികളിലേക്ക് കടക്കാതെ സഭ പിരിയും.

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേൽ മൂന്ന് ദിവസത്തെ നന്ദിപ്രമേയ ചർച്ച നാളെ നിയമസഭയിൽ ആരംഭിക്കും.

✪✪✪

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനു നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഇന്ന് അവസാനിക്കുന്നതോടെ മത്സരചിത്രം വ്യക്തമാകും. ശനിയാഴ്ച നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ 70 സീറ്റുകളിലേക്ക് 719 സ്ഥാനാർഥികളാണ് മത്സരരംഗത്ത്.

1,522 നാമനിർദ്ദേശ പത്രികകളിൽ 477 എണ്ണം സൂക്ഷ്മ പരിശോധനയിൽ തള്ളി.

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് അടുത്ത മാസം അഞ്ചിനും, വോട്ടെണ്ണൽ എട്ടിനും നടക്കും.

✪✪✪

വടകര ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് മുതൽ അതിപുരാതന ചരിത്ര പാരമ്പര്യമുള്ള ബേപ്പൂർ തുറമുഖം വരെ ചരിത്രം ഓർമപ്പെടുന്ന ഒരു ബൃഹത് ടൂറിസ് പദ്ധതിയ്ക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. പദ്ധതിക്ക് 100 കോടി രൂപ കേന്ദ്രം അനുവദിച്ചതായും മന്ത്രി പറഞ്ഞു. പദ്ധതിയുടെ വിപുലമായ രൂപരേഖ സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് കേന്ദ്ര ഗവൺമെന്റിന് നൽകിയിരുന്നു. മലബാറിന്റെ ടൂറിസം സാധ്യതകൾ ലോകത്തിനു മുന്നിൽ കൊണ്ടുവരാൻ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് റാവിസ് കടവിൽ സംഘടിപ്പിച്ച ബിസിനസ് ടു ബിസിനസ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി നസീർബാബു.

.....(വോയ്സ്)............

**മലബാറിനെ മികച്ച വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് ബിടുബി മീറ്റ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്ത് ആകെയെത്തുന്ന വിനോദസഞ്ചാരികളിൽ ആറ് ശതമാനം മാത്രമാണ് മലബാർ മേഖലയിൽ എത്തുന്നതെന്നാണ് 2021 ലെ കണക്ക്. ഈ സ്ഥിതിയിൽ മാറ്റം വരുത്തുകയായിരുന്നു വിനോദസഞ്ചാര വകുപ്പിന് മുന്നിലെ ആദ്യ ദൗത്യമെന്നും മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു.**

**മലബാറിന്റെ മുഖച്ഛായ മാറ്റാൻ ദേശീയപാത 66 കാരണമാകും. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ അതിവേഗത്തിലാണ് ദേശീയപാതയുടെ നിർമ്മാണം പുരോഗമിക്കുന്നത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ദേശീയപാത 45 മീറ്റർ ആറുവരി നിർമാണം ഡിസംബറോടെ പൂർത്തിയാകുമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ ജില്ലാ കളക്ടർ കുമാർ സിംഗ് അധ്യക്ഷനായിരുന്നു.**

✪✪✪

**കൊച്ചിയിൽ ഗാലറിയിൽ നിന്ന് വീണ് പരിക്കേറ്റ് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഉമാ തോമസ് MLA യെ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സന്ദർശിച്ചു. MLA എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.**

✪✪✪

**സംസ്ഥാനത്തെ മ്യൂസിയങ്ങൾ അന്താരാഷ്ട്രനിലവാരത്തിലേക്കുയർത്താൻ ഗവൺമെൻറ് നടപടികൾ സ്വീകരിച്ചു വരികയാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. തൃപ്പൂണിത്തുറ ഹിൽ പാലസ് സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.**

**സംസ്ഥാനത്തിന്റെ ചരിത്രവും സംസ്കാരവും മറ്റുള്ളവരിലേക്കു കൂടുതൽ പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ മ്യൂസിയങ്ങളിലേക്കു വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികളാണു നടപ്പാക്കുന്നത്. കാഴ്ചക്കാർക്കു അറിവും അനുഭൂതിയും പകരുന്ന വിധത്തിൽ കഥ പറയുന്ന മ്യൂസിയങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് അദ്ദേഹം വ്യക്തമാക്കി.**

**ഉത്തര മലബാറിലെ അനുഷ്ഠാന കലയായ തെയ്യത്തിനു വേണ്ടി മ്യൂസിയം രൂപപ്പെടുത്തി വരുന്നതായി അദ്ദേഹം അറിയിച്ചു.**

✪✪✪

കുടുംബശ്രീ 11-ാം ദേശീയ സരസ് മേളക്ക് ഇന്ന് ചെങ്ങന്നൂർ നഗരസഭ സ്റ്റേഡിയത്തിൽ തിരി തെളിയും. പ്രദർശന - വിപണന ഭക്ഷ്യ മേളയായ ദേശീയ സരസ് മേള വൈകിട്ട് മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും.

മന്ത്രിമാരായ സജി ചെറിയാൻ, P പ്രസാദ് എന്നിവർ പങ്കെടുക്കും. ചലച്ചിത്രതാരം മോഹൻലാൽ വിശിഷ്ടാതിഥിയാകും. പ്രഥമ ശ്രേഷ്ഠ ചെങ്ങന്നൂർ പുരസ്കാരം മോഹൻലാലിന് സമ്മാനിക്കും.

ഗ്രാമീണ വനിതാ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരമ്പരാഗത ഗ്രാമീണ ഉത്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം നല്കുന്നതിനുമായി തദ്ദേശ ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ രാജ്യത്തെ സംരംഭകരെ പങ്കെടുപ്പിച്ചാണ് ദേശീയ സരസ് മേള നടത്തുന്നത്.

✪✪✪

മേരാ യുവ ഭാരതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പതിനാറാമത് ആദിവാസി യുവജന സാംസ്കാരിക വിനിമയ പരിപാടി വൈകിട്ട് എറണാകുളം ഗവൺമെൻറ് യൂത്ത് ഹോസ്റ്റലിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര ആഭ്യന്തര മന്ത്രാലയം, യുവജനകാര്യ കായിക മന്ത്രാലയം, നെഹ്റു യുവ കേന്ദ്ര സംഘടൻ എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

പിന്നാക്ക മേഖലകളിലെ ഗിരിവർഗ യുവ ജനങ്ങൾക്ക് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസിലാക്കാനും രാഷ്ട്ര നിർമ്മാണ പരിപാടികളിൽ അവരെ പങ്കാളികളാനുമാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ 200 യുവജനങ്ങളാണ് ഒരാഴ്ചത്തെ പരിപാടിയിൽ പങ്കെടുക്കുന്നത്.

✪✪✪

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന രാജ്യത്തെ ആദ്യ സമഗ്ര ഡിജിറ്റൽ ഭൂവിവര സംവിധാനമായ 'എന്റെ ഭൂമി' സംയോജിത പോർട്ടൽ സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിന് അസമിലെ നാഷണൽ ഇൻഫർമാറ്റിക് സെന്ററും സർവ്വേ വിഭാഗം ഉദ്യോഗസ്ഥരും തിരുവനന്തപുരത്ത് മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. എന്റെ ഭൂമി പോർട്ടൽ മാതൃകയിൽ പദ്ധതി അസമിൽ നടപ്പാക്കുന്നതിന് സർവ്വേ ഭൂരേഖാ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സംഘം വിവരങ്ങൾ ആരാഞ്ഞു.

✪✪✪

അമേരിക്കയുടെ 47-ാമത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. കാപിറ്റോൾ മന്ദിരത്തിൽ ഇന്ത്യൻ സമയം രാത്രി എട്ടരക്കാണ് സത്യപ്രതിജ്ഞാ ചടങ്ങ്. വിദേശകാര്യമന്ത്രി ഡോ.S.ജയശങ്കർ ചടങ്ങിൽ സംബന്ധിക്കും.

✪✪✪

ഗാസ വെടിനിർത്തൽ കരാറിന്റെ ഭാഗമായി മൂന്നു ബന്ദികളെ ഹമാസ് റെഡ്ക്രോസിനു കൈമാറിയതായി ഇസ്രായേൽ അറിയിച്ചു. വെടിനിർത്തൽ കരാർ പ്രകാരം മൂന്നു പേരെ ഹമാസ് മോചിപ്പിച്ചതിനാൽ 90 പേരെ ഇസ്രായേലും മോചിപ്പിച്ചു.

✪✪✪

മകരവിളക്ക് തീർഥാടനത്തിന് സമാപനം കുറിച്ച് രാവിലെ 6.30 ന് ശബരിമല നട അടച്ചു. ആറിന് തിരുവാഭരണ പേടകസംഘം പതിനെട്ടാം പടിയിറങ്ങി പന്തളത്തേക്ക് മടങ്ങി. തുടർന്ന് പന്തളം രാജപ്രതിനിധി ദർശനം നടത്തി. രാജ പ്രതിനിധിക്ക് മാത്രമാണ് ഇന്ന് ദർശനം ഉണ്ടായിരുന്നത്.

✪✪✪

ആദ്യ ഖോ ഖോ ലോകകപ്പിൽ പുരുഷ-വനിതാ കിരീടങ്ങൾ നേടി ടീം ഇന്ത്യ ചരിത്രം സൃഷ്ടിച്ചു. ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ത്യൻ ടീമുകൾ നേപ്പാളിനെതിരെ മികച്ച വേഗവും, തന്ത്രവും വൈദഗ്ധ്യവും പ്രകടിപ്പിച്ചാണ് ട്രോഫികൾ സ്വന്തമാക്കിയത്.

ഡെസ്ക്ക് റിപ്പോർട്ട്

..........(വോയ്സ്)...............

നേപ്പാളിനെതിരായ അവസാന മത്സരത്തിൽ 54-36 എന്ന സ്കോറിനാണ് ഇന്ത്യൻ പുരുഷ ടീം വിജയിച്ചത്. വനിതാ ടീം ഫൈനലിൽ 78-40 എന്ന സ്കോറിന് നേപ്പാളിനെ പരാജയപ്പെടുത്തി.

പ്രഥമ ഖോ ഖോ ലോകകപ്പ് ഫൈനൽ കാണാൻ കേന്ദ്രമന്ത്രി കിരൺ റിജിജു, മുൻ ലോക്സഭാ സ്പീക്കർ സുമിത്ര മഹാജൻ എന്നിവരുൾപ്പെടെ നിരവധി പ്രമുഖർ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ എത്തിയിരുന്നു.

പുരുഷ ഫൈനലിൽ നേപ്പാൾ ടീം മികച്ച പോരാട്ടം നടത്തിയെങ്കിലും ഇന്ത്യയുടെ പ്രകടനത്തിന് ഒപ്പമെത്താനായില്ല. ഗ്രൂപ്പ് ഘട്ടത്തിൽ ബ്രസീൽ, പെറു, ഭൂട്ടാൻ എന്നിവർക്കെതിരെ വലിയ വിജയത്തോടെ ജൈത്രയാത്ര നടത്തിയ ഇന്ത്യൻ പുരുഷ ടീം ഫൈനലിലും അത് ആവർത്തിച്ചു. ഗ്രൂപ്പ് ഘട്ടത്തിൽ ദക്ഷിണ കൊറിയ, ഇറാൻ, മലേഷ്യ എന്നീ രാജ്യങ്ങളെയും, ക്വാർട്ടറിൽ ബംഗ്ലാദേശിനെയും, സെമിയിൽ ദക്ഷിണാഫ്രിക്കയെയും വൻ സ്കോറിന് തോൽപ്പിച്ചാണ് ഇന്ത്യൻ വനിതാ ടീം ഫൈനലിലെത്തിയത്.

✪✪✪

ആദ്യമായി ഖോ ഖോ ലോകകപ്പ് നേടിയ ഇന്ത്യൻ ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. സമാനതകളില്ലാത്ത നൈപുണ്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ടീം വർക്കിന്റെയും ഫലമാണ് ഈ ചരിത്രവിജയമെന്ന് സാമൂഹിക മാധ്യമ പോസ്റ്റിൽ മോദി പറഞ്ഞു.

✪✪✪

ISL ഫുട്ബോളിൽ ഗോവ FC യ്ക്ക് ജയം. ഗോവയിൽ, എതിരില്ലാത്ത ഒരു ഗോളിനാണ് ഈസ്റ്റ് ബംഗാൾ FC യെ അവർ തോൽപ്പിച്ചത്.

✪✪✪

ബംഗളൂരുവിൽ ദേശീയ സീനിയർ ബാസ്കറ്റ്ബോൾ വനിതാ വിഭാഗത്തിൽ കേരളം ചാമ്പ്യൻപട്ടം നിലനിർത്തി. നിലവിലെ ചാമ്പ്യന്മാരായ കേരളം, ഫൈനലിൽ 16-12നു തമിഴ്നാടിനെ തകർത്താണ് ട്രോഫി സ്വന്തമാക്കിയത്.

മലയാളി താരം പ്രണവ് പ്രിൻസിന്റെ നേതൃത്വത്തിൽ ഇറങ്ങിയ തമിഴ്നാടിനാണ് പുരുഷ വിഭാഗത്തിൽ കിരീടം. ഉത്തർപ്രദേശിനെയാണ് തമിഴ്നാട് ഫൈനലിൽ കീഴടക്കിയത്.

✪✪✪

കണ്ണൂർ സെൻട്രൽ ജയിലിനെ ഹരിത - നെറ്റ് സീറോ കാർബൺ ജയിലായി മാറ്റുന്നതിന്റെ ഭാഗമായി കാർബൺ അളവ് കണക്കാക്കുന്ന പരിപാടിക്ക് ഇന്ന് തുടക്കമാവും, നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോ- ഓഡിനേറ്റർ ഡോ. T.N സീമ ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

....(വോയ്സ്).............

നെറ്റ് സീറോ കാർബൺ  പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനത്തെ ആദ്യ ജയിലാണ്  കണ്ണൂർ സെൻട്രൽ ജയിൽ  . ജയിലിനെ ഹരിത ജയിലാക്കി മാറ്റുന്നതിന്റെ ഭാഗമായി  നേരത്തെ ആരംഭിച്ച ഹരിത സ്പർശം എന്ന പേരിലുള്ള ഹരിത കർമ്മ സേനയുടെ പ്രവർത്തനം ജയിലിൽ സജീവമാണ് .  സംസ്ഥാനത്തെ ജയിലുകളിൽ അജൈവ മാലിന്യ ശേഖരണ ത്തിന് ഹരിതകർമ്മ സേന രൂപീകരിക്കുന്ന ആദ്യ ജയിലാണ് കണ്ണൂർ സെൻട്രൽ ജയിൽ. ജയിലിലെ അന്തേവാസികൾ തന്നെയാണ് ഹരിത കർമ്മ സേനാംഗങ്ങൾ. സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ മാലിന്യമുക്ത കേരളം പരിപാടിയുടെ ഭാഗമായാണ് ജയിലിൽ ഹരിതകർമ്മ രൂപീകരിച്ചത്. ഹരിത  ഇതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ഹരിത കേരളം മിഷനും ശുചിത്വ മിഷനുമാണ് നല്കിയത്. ജയിലിനകത്ത്  മുല്ല നട്ടുവളർത്തുന്നതിനായ്  കതിരൂർ സഹകരണ ബാങ്ക് ജയിലിന്  കൈമാറുന്ന കുറ്റി മുല്ല തൈകളുടെയും മൺ ചട്ടികളുടെയും ഏറ്റുവാങ്ങലും ഡോ. ടി.എൻ സീമ നിർവ്വഹിക്കും.

✪✪✪

പാറശ്ശാല ഷാരോൺ വധക്കേസിൽ  നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ്  കോടതി പ്രതികൾക്ക് ഇന്ന് ശിക്ഷ വിധിയ്ക്കും. ഷാരോണിന്റെ കാമുകിയും ഒന്നാം പ്രതിയുമായ  ഗ്രീഷ്മ, ഗ്രീഷ്മയുടെ അമ്മാവനും മൂന്നാം പ്രതിയുമായ നിർമ്മല കുമാരൻ നായർ എന്നിവർ കുറ്റക്കാരാണെന്ന് വെള്ളിയാഴ്ച കോടതി കണ്ടെത്തിയിരുന്നു.

✪✪✪

കോഴിക്കോട് താമരശ്ശേരിയിൽ മാതാവിനെ കൊലപ്പെടുത്തിയ കേസിലെ പ്രതിയായ മകനെ റിമാൻഡ് ചെയ്തു. അടിവാരം സ്വദേശി സുബൈദ കൊല്ലപെട്ട കേസിലാണ് പ്രതിയായ മകൻ മുഹമ്മദ് ആഷിക്കിനെ തെളിവെടുപ്പിന് ശേഷം കുന്ദമംഗലം മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തത്. തെളിവെടുപ്പിൽ കൃത്യത്തിന് ഉപയോഗിച്ച ആയുധം കണ്ടെടുത്തു. സാമ്പത്തികവും സ്വത്ത് സംബന്ധവുമായ വിഷയവുമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് പോലീസിന് ലഭിച്ച വിവരം. പ്രതിയെ കസ്റ്റഡിയിൽ ആവശ്യപ്പെടുമെന്ന് താമരശേരി പൊലീസ് പറഞ്ഞു.

✪✪✪

കണ്ണൂർ പള്ളിയാംമൂല ബീച്ച് റോഡിൽ ജീപ്പിടിച്ച് ആറുവയസ്സുകാരൻ മരിച്ചു. പൊതുവാച്ചേരി കണ്ണോത്തുംചിറയിലെ മുഹാദാണ് മരിച്ചത്. ബന്ധുക്കളോടൊപ്പം പയ്യാമ്പലം ബീച്ചിൽ എത്തിയപ്പോൾ ഇന്നലെ വൈകിട്ട് ആയിരുന്നു അപകടം.

✪✪✪

പത്തനംതിട്ട ഓമല്ലൂരിൽ അച്ചൻകോവിലാറ്റിൽ രണ്ട് വിദ്യാർത്ഥികൾ മുങ്ങി മരിച്ചു. ഓമല്ലൂർ ആര്യഭാരതി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികളായ ഇലവുംതിട്ട സ്വദേശി ശ്രീശരൺ, ഓമല്ലൂർ ചീക്കനാൽ സ്വദേശി ഏബൽ എന്നിവരാണ് മരിച്ചത്. കൂട്ടുകാരോടൊപ്പം ആറ്റിലിറങ്ങി കുളിക്കുന്നതിനിടെ ഇവർ ഒഴുക്കിൽ പെടുകയായിരുന്നു.

✪✪✪

നിലമ്പൂരിൽ ഗേറ്റ് ദേഹത്ത് വീണ് മൂന്നു വയസുകാരി മരിച്ചു. നിലമ്പൂർ വണ്ടൂർ സ്വദേശി സമീറിന്റെ മകൾ അയറ ആണ് മരിച്ചത്. ക്വാർട്ടേഴ്സിന്റെ ഗേറ്റ് കുട്ടിയുടെ മുകളിലേക്ക് വീഴുകയായിരുന്നു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളെജിലെ മരുന്ന് ക്ഷാമം പരിഹരിക്കാൻ ഗവൺമെന്റ് ഇടപ്പെടാത്തതിൽ പ്രതിഷേധിച്ച് M.K രാഘവൻ MP യുടെ നേതൃത്വത്തിൽ നടത്തുന്ന ഉപവാസ സമരം ഇന്ന് രാവിലെ സമാപിക്കും. ഇന്നലെ രാവിലെ തുടങ്ങിയ സമരം ഡോ. M.K മുനീർ MLA യാണ് ഉദ്ഘാടനം ചെയ്തതത്.

അതേസമയം, മെഡിക്കൽ കോളജുകളിൽ മരുന്ന് വിതരണം ചെയ്ത വകയിൽ ലഭിക്കേണ്ട കുടിശ്ശിക തുക നൽകണമെന്നാശ്യപ്പെട്ട് വിതരണ ഏജൻസികൾ നടത്തുന്ന സമരം ഒരാഴ്ച പിന്നിട്ടു. സമരക്കാരുമായി മെഡിക്കൽ കൊളെജ് അധികൃതർ നടത്തിയ ചർച്ച തിരുമാനാമാകാതെ പിരിഞ്ഞു.

✪✪✪

---

*News Reader: ഹക്കീം കൂട്ടായി*
*Casual News Readers: ഫസ്ന ഫാത്തിമ, നിമിഷ ജി*
*DEO: ഷീബ*